എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾക്ക് തസ്തികകൾ അനുവദിക്കുവാൻ നടപടി

125 [3015] ശ്രീ. പി. കെ. കെ. ബാവ :
,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ, വർക്ക് ലോഡ്, വിദ്യാർത്ഥികളുടെ എണ്ണം എന്നീ മാനദണ്ഡം അനുസരിച്ച് അദ്ധ്യാപക നിയമനം നടത്തുന്നതിന് അനുവദിച്ചുകൊണ്ട് അവസാനമായി ഉത്തരവ് ഇറക്കിയിട്ടുള്ളത് എന്നാണ്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള യൂണിവേഴ്സിറ്റി യുടെ കീഴിലുള്ള ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, സിവിൽ, ആർക്കിടെക്ചർ എന്നീ ബ്രാഞ്ചുകളിലായി എത്ര അദ്ധ്യാപകർ നിയമിതരായിട്ടുണ്ട്; ഓരോ വിഭാഗത്തിലും എത്ര വീതം എന്ന് വെളിപ്പെടുത്തുമോ;

(സി) അദ്ധ്യാപക നിയമനത്തിനുള്ള പ്രസ്തുത മാനദണ്ഡം കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകൾക്ക് ബാധകമാണോ;

(ഡി) എങ്കിൽ പ്രസ്തുത മാനദണ്ഡം അനുസരിച്ചുള്ള തസ്തികകൾ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ബി ആർക്ക് എന്നീ ബ്രാഞ്ചുകൾക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ട്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) സർക്കാർ മാനദണ്ഡം അനുസരിച്ച് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ബി ആർക്ക് എന്നീ ബ്രാഞ്ചുകൾക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ചു അടിയന്തിരമായി ഉത്തരവിറക്കുമോ?

ഉത്തരം

(എ) 18-5-2000-ലെ ജി. ഒ. (പി) 68/00/ഉ.വി.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ബാർട്ടൺ ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, സിവിൽ, ആർക്കിടെക്ചർ എന്നീ ബ്രാഞ്ചുകളില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

(സി) ബാധകമാണ്.

(ഡി) കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ ജി. ഒ. (എംഎസ്.) 152/04/ഉ. വി. വ തീയതി 24-11-2004 പ്രകാരം ടി. കെ. എം. കോളേജിൽ ബി ആർക്ക് വിഭാഗത്തിൽ ; തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) കുട്ടികളുടെ എണ്ണം കൂടിയതനുസരിച്ച് കമ്പ്യൂട്ടർ സയൻസിൽ ആനുപാതികമായി അദ്ധ്യാപക തസ്തികകളുടെ വർദ്ധനവ് ഉണ്ടായിട്ടില്ല. കമ്പ്യൂട്ടർ സയൻസിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഐ. എച്ച്. ആർ. ഡി.-യിൽ പത്ത് ശതമാനം പ്രൊമോഷൻ നൽകാൻ നടപടി

176 [3016] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-5-2004-ലെ ഐ. എച്ച്. ആർ. ഡി.-യിൽ നമ്പർ ഇ4/7741/2003/എച്ച്. ആർ. ഡി. പ്രകാരമുള്ള 10% പ്രൊമോഷൻ (ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് മാത്രം) നടപ്പാക്കിയോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഉടനെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഐ. എച്ച്. ആർ. ഡി.-യിൽ ജോലി നോക്കുന്ന എത്രപേർക്ക് ഇതിന്റെ പ്രയോജനം കിട്ടും?

ഉത്തരം

(എ) നടപ്പാക്കിയിട്ടില്ല.

(ബി) സംവരണ തസ്തികകളിലേക്ക് പ്രൊമോഷൻ നടത്തുന്നതിനായി അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം, സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തയ്യാറാക്കിവച്ചിരിക്കുകയാണ്.

(സി) സെലക്ഷൻ കമ്മിറ്റി തീരുമാനിച്ചതിന് ശേഷം എത്രയും വേഗം യോഗ്യരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഐ. എച്ച്. ആർ. ഡി.-യിൽ വിവിധ തസ്തികകളിൽ ജോലി നോക്കുന്ന 12 പേർക്ക് ഇതിന്റെ പ്രയോജനം കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly